# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 5816 25.05.2017- ൽ മറുപടിക്ക്**

### കൈത്തറി സംഘങ്ങളുടെ ഉല്പാദനശേഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.പി.ഉണ്ണി<br>പ്രൊഫ.കെ.യു.അരുണൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്തുകാരുടെ നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും, ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് പരിശീലനം, നൈപുണ്യം, ശേഷിവികസന പദ്ധതി. നെയ്ത്തുകാരുടെ ക്ഷാമം പരിഹരിക്കുന്നതിന്, താൽപര്യമുള്ള പുതിയ ആളുകൾക്ക് നൂതന സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നു. പുതിയ ഡൈകൾ, ഡൈയിംഗ് രീതികൾ, കളർ പാക്കേജുകൾ, പുതിയ ഡിസൈനുകൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം, പരിശീലനം എന്നിവ നെയ്ത്തുകാർക്കും, ഡൈയിംഗ് മാസ്റ്റർമാർക്കും നൽകി വരുന്നു. ഓർഗാനിക് ഡൈയിംഗ് എന്ന പേരിൽ പ്രകൃതിദത്തമായ ചായങ്ങൾ ഉപയോഗിച്ച് നൂൽ ഡൈ ചെയ്യുന്നതിന് പരിശീലനം നൽകി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പരിശീലനങ്ങൾക്കായി 105 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ മൂല്യവർദ്ധിതവും, അധിക മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും, പ്രോത്സാഹനവും എന്ന പദ്ധതിയിലൂടെ ശേഷി വികസനത്തിനും, പുതിയ ഡിസൈൻ വികസനത്തിനും നെയ്ത്തുകാർക്ക് വിവിധയിനം പരിശീലനങ്ങൾ നൽകി വരുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്ന നെയ്ത്തുകാർക്ക് സ്റ്റൈപന്റ്, ട്രെയിനിംഗിനാവശ്യമായ അസംസ്കൃതവസ്തുക്കൾ വാങ്ങാൻ ധനസഹായം, പരിശീലകർക്കുള്ള വേതനം എന്നിവയും നൽകുന്നു. |

സെക്ഷൻ ഓഫീസർ